# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3219

18.10.2016 ൽ മറുപടിയ്ക്ക്

## റിസ്ക് ഫണ്ട്

**ചോദ്യം**

ശ്രീ.എം.എം.മണി

**മറുപടി**

ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുമ്പോൾ റിസ്ക് ഫണ്ട് പിടിക്കാറുണ്ടോ; റിസ്ക് ഫണ്ട് പിടിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ വിതരണം ചെയ്യുമ്പോൾ റിസ്ക് ഫണ്ട് പ്രീമിയം പിടിക്കുന്നുണ്ട്.

വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ, മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന 1 ½ ലക്ഷം രൂപ വരെയുള്ള മുതലും, അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുക എന്നതാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതിയുടെ ലക്ഷ്യം അതോടൊപ്പം വായ്പയെടുത്ത ശേഷം മാരക രോഗം പിടിപ്പെട്ടവരുടെ വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന കേസുകളിൽ വായ്പാ മുതലിനത്തിൽ 75,000/- രൂപയുടെ ആനുകൂല്യം നൽകാനും പദ്ധതി ലക്ഷ്യമിടുന്നു.

(ബി) റിസ്ക് ഫണ്ട് പ്രയോജനപ്പെടുത്തി,

(ബി) ക്യാൻസർ ബാധിതർ, കിഡ്നി

| | |
|---|---|
| ഏതൊക്കെ മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടിശ്ശികയാണ് ഇളവ് ചെയ്തു നൽകുന്നത്; | സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ, അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ടി.ബി, ലിവർ സിറോസിസ് തുടങ്ങിയ മാരക രോഗം പിടിപ്പെട്ട വായ്പക്കാരുടെ വായ്പാ ബാദ്ധ്യതകൾ തീർക്കാൻ കഴിയാതെ വരുന്ന വായ്പക്കാരുടെ മുതലിനത്തിൽ 75,000/- രൂപയുടെ ആനുകൂല്യമാണ് നൽകുന്നത്. |
| (സി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിരുന്നതിനുശേഷം മാരകരോഗങ്ങൾ ബാധിക്കുകയും വായ്പ കുടിശ്ശിക ആകുകയും ചെയ്തിട്ടുള്ളവരെ കണ്ടെത്തി ഇവരുടെ കുടിശ്ശിക റിസ്ക് ഫണ്ട് പ്രയോജനപ്പെടുത്തി ഒഴിവാക്കി നൽകുന്നതിന് നടപടി സ്വീകരിക്കാൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകുമോ;<br>(ഡി) റിസ്ക് ഫണ്ടിന്റെ ആനുകൂല്യം അർഹതപ്പെട്ട പല വായ്പക്കാരും അറിവില്ലായ്മ കാരണം പ്രയോജനപ്പെടുത്തുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഇ) അർഹതപ്പെട്ടവരെ കണ്ടെത്തുവാനും കുടിശ്ശിക ഒഴിവാക്കി നൽകുവാനും നടപടി സ്വീകരിക്കുമോ? | (സി) യും (ഡി) യും (ഇ) യും<br>നിലവിലുള്ള റിസ്ക് ഫണ്ട് പദ്ധതി അനുസരിച്ച് വായ്പ നൽകിയ ബാങ്ക് സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ടി പദ്ധതിയിൽ ചേരുകയും വായ്പക്കാരിൽ നിന്നും നിശ്ചിത നിരക്കിലുള്ള വിഹിത തുക ഈടാക്കി ടി ബോർഡിലേക്ക് ഒടുക്കുകയും ചെയ്താൽ മാത്രമേ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുകയുള്ളൂ. ഇതിന് വേണ്ട നിർദ്ദേശം സഹകരണ ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്. വായ്പക്കാരുടെ അറിവില്ലായ്മ കാരണം റിസ്ക് ഫണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ